ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 03.06.2026**

## പ്രധാനവാർത്തകൾ

1) സംസ്ഥാനത്ത് സർക്കാർ ജീവനക്കാരെ അന്യായമായി സ്ഥലം മാറ്റുന്നതായി ചൂണ്ടിക്കാട്ടി നിയമസഭയിൽ പ്രതിപക്ഷ വാക്ക് ഔട്ട്. പരാതികൾ അനുഭാവപൂർവ്വം പരിഗണിക്കുമെന്ന് മന്ത്രി സണ്ണി ജോസഫ്.

2) കർണാടക മുഖ്യമന്ത്രിയായി മുതിർന്ന കോൺഗ്രസ് നേതാവ് ഡി.കെ. ശിവകുമാർ സത്യപ്രതിജ്ഞ ചെയ്തു. ജി. പരമേശ്വര ഉപമുഖ്യമന്ത്രി.

3) ദേശീയ പഞ്ചായത്ത് അവാർഡുകൾ കേന്ദ്രമന്ത്രി രാജീവ് രഞ്ജൻ സിംഗ് ന്യൂഡൽഹിയിൽ സമ്മാനിച്ചു. നിരണം, ഒറ്റൂർ, മേലുകാവ്, ഹരിപ്പാട് പഞ്ചായത്തുകൾ പുരസ്കാരം ഏറ്റുവാങ്ങി.

4) ഇന്ത്യൻ വിമാനക്കമ്പനികളെ പിന്തുണയ്ക്കുന്നതിനായി 10,000 കോടി രൂപയുടെ ഇന്ധന വില സ്ഥിരത നിധിക്ക് കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം.

5) പശ്ചിമേഷ്യൻ സംഘർഷം കൂടുതൽ രൂക്ഷമാകുന്നു. കുവൈത്ത് വിമാനത്താവളത്തിന് നേരെ ഇറാൻ നടത്തിയ ആക്രമണങ്ങളിൽ ഒരു ഇന്ത്യൻ പൗരന് ജീവൻ നഷ്ടമായി.

6) സംസ്ഥാനത്ത് ഞായറാഴ്ച വരെ അതിശക്തമായ മഴയ്ക്ക് സാധ്യത. കേരളത്തിൽ കാലവർഷം നാളെയോടെ എത്തിയേക്കും.

RNU TVPM

## നിയമസഭ വാക്ക് ഔട്ട്

സംസ്ഥാനത്ത് സർക്കാർ ജീവനക്കാരെ അന്യായമായി സ്ഥലം മാറ്റുന്നതായി ചൂണ്ടിക്കാട്ടി നിയമസഭയിൽ പ്രതിപക്ഷ വാക്ക് ഔട്ട്. പ്രതിപക്ഷത്ത് നിന്ന് വി ജോയ് ആണ് പ്രമേയത്തിന് നോട്ടീസ് നൽകിയത്. സർക്കാർ ജീവനക്കാരെ നിലവിലുള്ള മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി സ്ഥലം മാറ്റുന്നതായും 33 വകുപ്പുകളിലായി 1,982 ജീവനക്കാരെ ഇത്തരത്തിൽ സ്ഥലം മാറ്റിയതായും അദ്ദേഹം പറഞ്ഞു. ഗുരുതരമായ രോഗമുള്ളവരെയും, വിരമിക്കാൻ ദിവസങ്ങൾ മാത്രം ബാക്കിയുള്ളവരെയും സ്ത്രീകളെയും ഉൾപ്പെടെ പ്രത്യേക പരിഗണന അർഹിക്കുന്നവരെ മനുഷ്യത്വ രഹിതമായി ദൂരെ സ്ഥലങ്ങളിലേക്ക് സ്ഥലം മാറ്റുന്നതായി പ്രതിപക്ഷ നേതാവ് പിണറായി വിജയൻ വിമർശിച്ചു. എന്നാൽ സർക്കാർ ജീവനക്കാരുടെ പൊതു സ്ഥലം മാറ്റം വ്യവസ്ഥകൾക്ക് വിധേയമായാണ് നടപ്പിലാക്കി വരുന്നതെന്ന് മുഖ്യമന്ത്രിയ്ക്ക് വേണ്ടി മന്ത്രി സണ്ണി ജോസഫ് മറുപടി നൽകി. സ്ഥലം മാറ്റവുമായി ബന്ധപ്പെട്ട പരാതികൾ അനുഭാവപൂർവ്വം പരിഗണിക്കാൻ സർക്കാർ തയ്യാറാണെന്നും അദ്ദേഹം പറഞ്ഞു. മന്ത്രിയുടെ മറുപടിയെ തുടർന്ന് സ്പീക്കർ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചതോടെയാണ് പ്രതിപക്ഷം വാക്കൗട്ട് ചെയ്തത്. ഗവർണറുടെ നയപ്രഖ്യാപനത്തിന്മേലുള്ള നന്ദി പ്രമേയ ചർച്ചകൾ സഭയിൽ ഇന്നും തുടർന്നു.

RNU TVPM

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## കർണാടക മുഖ്യമന്ത്രി (ഹോൾഡ്)

കർണാടകയുടെ 25 മത് മുഖ്യമന്ത്രിയായി മുതിർന്ന കോൺഗ്രസ് നേതാവ് ഡി.കെ. ശിവകുമാർ ഇന്ന് സത്യപ്രതിജ്ഞ

ചെയ്തു. ബെംഗളൂരു ലോക് ഭവനിൽ നടന്ന ചടങ്ങിൽ ഗവർണർ താവർചന്ദ് ഗെലോട്ട് സത്യവാചകം ചൊല്ലിക്കൊടുത്തു.

(ഹോൾഡ്..... )

ഉപമുഖ്യമന്ത്രി ജി. പരമേശ്വരയും, 12 മന്ത്രിമാരും മുഖ്യമന്ത്രിയ്ക്കൊപ്പം സത്യപ്രതിജ്ഞ ചെയ്തു. കെ.എച്ച് മുനിയപ്പ, കെ.ജെ ജോർജ്, പ്രിയങ്ക് ഖർഗെ, യു.ടി ഖാദർ, കൃഷ്ണ ബൈരെഗൗഢ തുടങ്ങിയവർ മന്ത്രിമാരിൽ ഉൾപ്പെടുന്നു. രാഹുൽഗാന്ധി, മല്ലികാർജുൻ ഖർഗെ, കെ.സി വേണുഗോപാൽ, മുഖ്യമന്ത്രി വി.ഡി സതീശൻ തുടങ്ങി മുതിർന്ന കോൺഗ്രസ് നേതാക്കൾ, ചടങ്ങിൽ പങ്കെടുത്തു.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## പഞ്ചായത്ത് അവാർഡ്

2025 ലെ ദേശീയ പഞ്ചായത്ത് അവാർഡുകൾ കേന്ദ്രമന്ത്രി രാജീവ് രഞ്ജൻ സിംഗ് ഇന്ന് ന്യൂഡൽഹിയിൽ വിതരണം ചെയ്തു. രാജ്യത്തെ 42 മികച്ച പഞ്ചായത്തുകളാണ് പുരസ്കാരങ്ങൾക്കു അർഹരായത്. മികച്ച ബ്ലോക്ക് പഞ്ചായത്തിനുള്ള പുരസ്കാരം ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് കരസ്ഥമാക്കി. അടിസ്ഥാന സൗകര്യ വികസന രംഗത്തെ മികവിനുള്ള പുരസ്കാരം കോട്ടയം ജില്ലയിലെ മേലുകാവ് ഗ്രാമപഞ്ചായത്ത് ഏറ്റുവാങ്ങി .ആരോഗ്യ മേഖലയിലെ മികച്ച പ്രവർത്തനങ്ങൾക്ക് പത്തനംതിട്ട ജില്ലയിലെ നിരണം ഗ്രാമപഞ്ചായത്തും, ശിശുസൗഹൃദ വിഭാഗത്തിൽ തിരുവനന്തപുരം ജില്ലയിലെ ഒറ്റൂർ ഗ്രാമപഞ്ചായത്തും മൂന്നാം സ്ഥാനം സ്വന്തമാക്കി.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## കേന്ദ്ര മന്ത്രിസഭാ യോഗ തീരുമാനങ്ങൾ

ഇന്ത്യൻ വിമാനക്കമ്പനികളുടെ ആഭ്യന്തര, അന്തർദേശീയ സർവീസുകളെ പിന്തുണയ്ക്കുന്നതിനായി 10,000 കോടി രൂപയുടെ

PNUTVPM

ഏവിയേഷൻ ടർബൈൻ ഇന്ധന വില സ്ഥിരത നിധിക്ക് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി. വ്യോമയാന ഇന്ധന വില സ്ഥിരപ്പെടുത്താൻ ഇതിലൂടെ സാധിക്കുമെന്ന്, കേന്ദ്ര മന്ത്രിസഭാ യോഗ തീരുമാനങ്ങൾ വിശദീകരിച്ചു കൊണ്ട് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. വ്യോമയാന മേഖലയിലെ 77 ലക്ഷത്തോളം പേർക്ക് തൊഴിൽ സുരക്ഷ ഉറപ്പാക്കാൻ തീരുമാനം സഹായിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. പശ്ചിമേഷ്യൻ പ്രതിസന്ധി കാരണം അന്താരാഷ്ട്ര വിമാന ഇന്ധന വില 60.5 രൂപയിൽ നിന്ന് 142 രൂപയായി വർധിച്ച പശ്ചാത്തലത്തിലാണ് കേന്ദ്രമന്ത്രിസഭയുടെ തീരുമാനം.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## കുവൈത്ത് ആക്രമണം

RNUTVPM

പശ്ചിമേഷ്യയിൽ താൽക്കാലിക വെടിനിർത്തൽ പ്രതിസന്ധിയിലാക്കി യു.എസ് - ഇറാൻ സൈനിക സംഘർഷം രൂക്ഷമാകുന്നു. കുവൈത്ത് വിമാനത്താവളത്തിൽ ഇന്ന് ഇറാൻ നടത്തിയ മിസൈൽ - ഡ്രോൺ ആക്രമണങ്ങളിൽ ഒരു ഇന്ത്യൻ പൗരൻ മരിച്ചതായി കുവൈത്തിലെ ഇന്ത്യൻ എംബസി സ്ഥിരീകരിച്ചു . ആക്രമണത്തിൽ നിരവധി പേർക്ക് പരിക്കേറ്റിട്ടുണ്ട്. വിമാനത്താവളത്തിൽ വലിയ തോതിലുള്ള നാശനഷ്ടങ്ങൾ സംഭവിച്ചതിനെ തുടർന്ന് വിമാന സർവിസുകൾ നിർത്തിവച്ചിരുന്നു. ഇറാൻ തുറമുഖത്തേക്ക് വരികയായിരുന്ന ഓയിൽ ടാങ്കറിന് നേർക്ക് അമേരിക്ക മിസൈൽ ആക്രമണം നടത്തിയതാണ് സംഘർഷങ്ങൾക്ക് തുടക്കമിട്ടത്. ഖെഷം ദ്വീപിലെ ഐ.ആർ.ജി.സി കേന്ദ്രത്തിന് നേരെയും യുഎസ് ആക്രമണം നടത്തിയതിന് മറുപടിയായി, ബഹ്റൈനിലെ അമേരിക്കൻ അഞ്ചാം കപ്പൽപ്പട ആസ്ഥാനത്തിന് നേരെയും ഇറാൻറെ ആക്രമണമുണ്ടായി.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## തൃണമൂൽ

പശ്ചിമ ബംഗാളിൽ, തൃണമൂൽ കോൺഗ്രസ് പിളർപ്പിലേക്ക്. പുറത്താക്കപ്പെട്ട ടിഎംസി എംഎൽഎ ഋതബ്രത ബാനർജി 58 നിയമസഭാംഗങ്ങളുടെ പിന്തുണയോടെ പ്രതിപക്ഷ നേതാവ് സ്ഥാനത്തേക്ക് അവകാശവാദമുന്നയിച്ചു. പിളർപ്പിന് പിന്നിൽ ബിജെപിയാണെന്ന് മുൻ മുഖ്യമന്ത്രി മമത ബാനർജി ആരോപിച്ചു.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## സെൻസസ് 2027

സെൻസസ് 2027 നടപടികൾക്ക് സംസ്ഥാനത്ത് ഈ മാസം തുടക്കമാകും. ആദ്യഘട്ടമായ 'സെൽഫ് എന്യൂമറേഷൻ' ജൂൺ 16 ന് ആരംഭിക്കും. പൊതുജനങ്ങൾക്ക് വിവരങ്ങൾ ഓൺലൈനായി ജൂൺ 30 വരെ സമർപ്പിക്കാം. se.census.gov.in എന്ന പോർട്ടൽ വഴിയാണ് വിവരങ്ങൾ സമർപ്പിക്കേണ്ടത്.

RNU TVPM

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## പാലക്കാട് - (ഇൻട്രോ)

*പാലക്കാട് ജില്ലയിൽ, സഹകരണ ബാങ്കുകൾ വഴി നെല്ല് സംഭരണ വില നൽകാനുള്ള കഴിഞ്ഞ സർക്കാരിൻറെ നടപടി റദ്ദാക്കാൻ തീരുമാനം . ജില്ലയിൽ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ച പദ്ധതി പരാജയപ്പെട്ട സാഹചര്യത്തിലാണ് നടപടി. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഇന്നലെ നടന്ന യോഗത്തിലാണ് തീരുമാനമുണ്ടായത്.*

വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത്...

(വോയിസ്......)

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## കതിര് പദ്ധതി

വിദ്യാർത്ഥികളിൽ കാർഷിക അവബോധം വളർത്താൻ 'കതിര്' പദ്ധതി ആവിഷ്ക്കരിച്ച് സംസ്ഥാന സർക്കാർ. കൃഷി വകുപ്പിന്റെയും പൊതുവിദ്യാഭ്യാസ വകുപ്പിന്റെയും സഹകരണത്തോടെ നടപ്പാക്കുന്ന പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ജൂൺ 5ന് രാവിലെ സെക്രട്ടേറിയറ്റ് അങ്കണത്തിൽ മുഖ്യമന്ത്രി വി ഡി സതീശൻ നിർവഹിക്കും. പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും കാർഷിക ക്ലബ്ബുകൾ രൂപീകരിക്കും

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## വയനാട് - ( ഇൻട്രോ)

*കാലവർഷം കനക്കുന്ന സാഹചര്യത്തിൽ അപകടങ്ങൾ ഒഴിവാക്കുന്നതിനും സുഗമമായ ഗതാഗതം ഉറപ്പാക്കുന്നതിനുമായി വയനാട് താമരശ്ശേരി ചുരത്തിൽ വലിയ മൾട്ടി ആക്സിൽ വാഹനങ്ങളുടെ യാത്രയ്ക്ക് കർശന നിയന്ത്രണം ഏർപ്പെടുത്തി. കോഴിക്കോട് ജില്ലാ കളക്ടർ എം എസ് മാധവിക്കുട്ടിയാണ് ഇത് സംബന്ധിച്ച ഉത്തരവിറക്കിയത്.*

PINUTVPM

വിശദാംശങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസന്റ്.....

(വോയിസ്.......)

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## മഴ- കേരളം

കേരളത്തിൽ കാലവർഷം നാളെയോടെ എത്തിച്ചേരാൻ സാധ്യതയെന്ന് കാലാവസ്ഥാ വകുപ്പ്. സംസ്ഥാനത്ത് ഞായറാഴ്ച വരെ അതിശക്തമായ മഴയ്ക്ക് സാധ്യത. മൂന്ന് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. മറ്റെല്ലാ ജില്ലകളിലും

ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതയാണ് . തിരുവനന്തപുരം മുതൽ തൃശൂർ വരെയുള്ള എട്ട് ജില്ലകളിൽ നാളെ ഓറഞ്ച് ജാഗ്രതയും നൽകിയിട്ടുണ്ട്. കേരള -കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ ഞായറാഴ്ച വരെ വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## ഡിറ്റിപിസി നിർദേശം

സംസ്ഥാനത്ത് മഴ വ്യാപിക്കുന്ന സാഹചര്യത്തിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ച ജില്ലകളിലും സമീപ ജില്ലകളിലുമുള്ള വെള്ളച്ചാട്ടം, ജലാശയങ്ങളുമായി ബന്ധപ്പെട്ട മറ്റ് വിനോദ സഞ്ചാര കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തണമെന്ന്സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി. ഇത് സംബന്ധിച്ച് വിനോദ സഞ്ചാര വകുപ്പിനും DTPC ക്കും പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്. സഞ്ചാരികൾ അപകടത്തിൽ പെടുകയോ ഒറ്റപ്പെട്ടു പോവുകയോ ചെയ്താൽ ബന്ധപ്പെടേണ്ട അടിയന്തര നമ്പറുകൾ പ്രചരിപ്പിക്കാൻ നടപടി സ്വീകരിക്കണം. മുന്നറിയിപ്പ് അവസാനിക്കുന്നത് വരെ 24 മണിക്കൂർ പ്രവർത്തിക്കുന്ന പ്രത്യേക കണ്ട്രോൾ റൂമുകൾ ആരംഭിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

RNU TVPM